**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5483** **05-07-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സംവരണ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക സംവരണ പട്ടിക പുതുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പിന്നാക്ക സംവരണ പട്ടിക കാലാനുസൃതമായി പുതുക്കി വരുന്നുണ്ട്. |
| (ബി) | പിന്നാക്ക സംവരണ പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി ജാതി സർവേ നടത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാമെന്നറിയിച്ച് സംസ്ഥാന പിന്നാക്ക കമ്മീഷൻ കത്ത് നൽകുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് കേന്ദ്ര സർക്കാർ 2011 ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സർവ്വെ സംബന്ധിച്ച വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് കേന്ദ്ര സർക്കാർ അയച്ചിരുന്നു. ആയത് പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിന് കൈമാറിയിരുന്നു. പ്രസ്തുത വിവരങ്ങൾ സംസ്ഥാനത്ത് സർവ്വെ നടത്തുന്നതിന് പര്യാപ്തമായിരുന്നില്ല. സാമൂഹിക സാമ്പത്തിക ജാതി സർവ്വെ സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ച് സംസ്ഥാന സർക്കാർ 04.11.2022 ന് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ ഇതുവരെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| (സി) | ജാതി സർവേ നടത്തി സംവരണ പട്ടിക പരിഷ്കരിക്കുന്നതിനും സംവരണ ശതമാനത്തിൽ മാറ്റം വരുത്തുന്നതിനുമായി ഹൈക്കോടതിയുടെ നിർദേശമുണ്ടോ; | (സി) | സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സർവ്വെ നടത്തുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വിവിധ കേസുകൾ ഫയൽ ചെയ്തിരുന്നു. അതിൽ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ബഹു. സുപ്രീം കോടതി മുമ്പാകെ കേസുകൾ നിലവിലുള്ളതിനാൽ ബഹു. ഹൈക്കോടതി ഈ വിഷയത്തിലുള്ള നടപടികൾ നിർത്തിവച്ചിരിക്കുകയാണെന്നാണ് പ്രസ്തുത ഉത്തരവിൽ അറിയിച്ചിട്ടുള്ളത്. |
| (ഡി) | എങ്കിൽ ഹൈക്കോടതി ഇപ്രകാരം നിർദേശിക്കാനിടയായ സാഹചര്യവും ഹൈക്കോടതി നിർദേശങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സർവ്വെ നടത്തുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വിവിധ കേസുകൾ ഫയൽ ചെയ്തിരുന്നു. അതിൽ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ബഹു. സുപ്രീം |

| | | | |
|---|---|---|---|
| | | | കോടതി മുമ്പാകെ കേസുകൾ നിലവിലുള്ളതിനാൽ ബഹു. ഹൈക്കോടതി ഈ വിഷയത്തിലുള്ള നടപടികൾ നിർത്തിവച്ചിരിക്കുകയാണെന്നാണ് പ്രസ്തുത ഉത്തരവിൽ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ